HLM-0111

The Heavenly Light Ministry

യേശുവിൻ നാമം മനോഹരം  ഹാ...എത്ര മാധുര്യം
വിണ്ണിന് താഴെ മണ്ണിനു മീതെ
വേറൊരു നാമമില്ല (02)
പാവന ജീവനേകി, പാപിയെ രക്ഷിക്കാനായ്
ദാസവേഷം പൂണ്ട് പാരിൽ വന്ന നാഥാ  (02)
നിൻനാമം വാഴ്ത്തുന്നു ഞങ്ങൾ
നിൻനാമം ഘോഷിക്കും ഞങ്ങൾ  (02)
വന്നീടുന്നു ഞങ്ങൾ തൻ മദ്ധ്യേ
ആശിഷം ഏകീടാനായ് ... യേശുവിൻ
കാൽവറി മാമലയിൽ കാരിരുമ്പാണികളാൽ
കർത്തനെ നിന്മേനി ക്രൂശിൽ തറച്ചുവോ... ((02) ... നിൻ
നശ്വരമാമീ ഭൂവിൽ സ്ഥാനമാനങ്ങൾ വേണ്ടാ
ശാശ്വത ഇമ്പനാട്ടിൽ ഞങ്ങളെ ചേർത്തിടണേ... (02) നിൻ